**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1926** **11-10-2024 - ൽ മറുപടിയ്ക്ക്**

**വയക്കര ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ബജറ്റിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ വയക്കര ഇൻഡോർ സ്റ്റേഡിയം, ചൂണ്ട ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ? | (എ) | 14.12.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 356/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ വയക്കര ജി.എച്ച്.എസ്.എസിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 14.02.2024 തീയ്യതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 16.02.2024, 09.03.2024 എന്നീ തീയ്യതികളിലായി ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 29.04.2024 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിക്കുകയും പ്രസ്തുത ദർഘാസിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ.ഉല്ലാസൻ, കണ്ണൂർ എന്ന കരാറുകാരനുമായി 25.09.2024 തീയ്യതിയിൽ കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>04.01.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 10/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ ചൂണ്ട ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 25.02.2023 തീയ്യതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. 14.03.2023 തീയ്യതിയിൽ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. മുഹമ്മദ് കുഞ്ഞി, കാസർഗോഡ് എന്ന കരാറുകാരനുമായി 26.06.2023 തീയ്യതിയിൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ, |

| | | | |
|---|---|---|---|
| | | | ഇൻഡോർ കോർട്ട്, സ്റ്റെപ്പ് ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക്, ലോംഗ് ജംപ് പിറ്റ്, റീട്ടെയിനിംഗ് വാൾ, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 55% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025 ജനുവരി മാസം അവസാനത്തോട്ടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ